(എ) ഗോൾഡ് എക്സിബിഷൻ സംഘടിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതൽക്കാണ് ഇത് നടത്താൻ ഉദ്ദേശിക്കുന്നതെന്നും എവിടെ വച്ചാണ് നടത്താൻ തീരുമാനിച്ചതെന്നും വ്യക്തമാക്കാമോ;

(സി) ഏത് ഏജൻസി വഴിയാണ് ഇത് സംഘടിപ്പിക്കുന്നത്;

(ഡി) ഇതിലേക്കായി സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത്;

(ഇ) സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര?

ഉത്തരം

(എ) ഉണ്ട്.

(ബി) 2003 ഒക്ടോബർ 10 മുതൽ നവംബർ 9 വരെ കേരളത്തിലെ കോർപ്പറേഷൻ നഗരങ്ങളായ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 നഗരങ്ങളിലാണ് ഇത് നടത്താൻ തീരുമാനിച്ചിട്ടുള്ളത്.

(സി) ടൂറിസം വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും, നിർദ്ദേശത്തിലും, നിരീക്ഷണത്തിലും കൊച്ചി ആസ്ഥാനമായുള്ള പ്രൈം ടൈം അൺലിമിറ്റഡ് എന്ന ഏജൻസിയെയാണ് ഇവന്റ് മാനേജരായി പ്രസ്തുത മേളയുടെ നടത്തിപ്പ് ഏൽപ്പിച്ചിരിക്കുന്നത്.

(ഡി, ഇ) ടൂറിസം വകുപ്പിന്റെ പൂർണ്ണസഹകരണത്തോടെ നടത്തുന്ന ടി മേളയിലേക്ക് സർക്കാർ സാമ്പത്തിക സഹായമായി 45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ടൂറിസം വകുപ്പ് നടത്തുന്ന സ്വർണ്ണാഭരണങ്ങളുടെ എക്സിബിഷൻ

91 [3238] ശ്രീ. ടി. കെ. ബാലൻ:
„ ടി. കെ. ദേവകുമാർ:
„ പിരപ്പൻകോട് മുരളി:
„ സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പ് സ്വർണ്ണാഭരണങ്ങളുടെ എക്സിബിഷൻ നടത്താൻ പരിപാടിയിട്ടിട്ടുണ്ടോ;

(ബി) എക്സിബിഷൻ നടത്തുന്നതിന് മറ്റേതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) എക്സിബിഷൻ നടത്തുന്നതിന് എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു;

(ഡി) ചെലവ് ഏതെല്ലാം നിലയിൽ വഹിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഇ) സർക്കാർ സഹായമായി എന്തു തുക നൽകുവാനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ടൂറിസം വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും, നിർദ്ദേശത്തിലും, നിരീക്ഷണത്തിലും കൊച്ചി ആസ്ഥാനമായുള്ള പ്രൈം ടൈം അൺലിമിറ്റഡ് എന്ന ഏജൻസിയെയാണ് ഇവന്റ് മാനേജരായി പ്രസ്തുത മേളയുടെ നടത്തിപ്പ് ഏൽപ്പിച്ചിരിക്കുന്നത്.

(സി) ഏകദേശം 3 കോടിയോളം രൂപ ചെലവുവരുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) സ്റ്റേജ്, ആർച്ച്, സ്റ്റാൾ, സൗണ്ട് & ലൈറ്റ്, വെൽക്കം കിറ്റ്, കൾച്ചറൽ പ്രോഗ്രാം, പ്രിന്റിംഗ് (ഇൻവിറ്റേഷൻ കാർഡ്, ബ്രോഷറുകൾ, ബാനേഴ്സ്, പോസ്റ്റേഴ്സ്, ബാഡ്ജ്) ക്യാരവൻ ഫ്ളോട്ട്, എക്സിബിഷന്റെ മറ്റ് അനാമത്ത് ചെലവുകൾ എന്നിവ വഹിക്കുന്നതിനായാണ് തീരുമാനിച്ചിട്ടുള്ളത്.

(ഇ) സർക്കാർ സഹായമായി 45 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

'സ്വർണ്ണോത്സവം'

92 [3239] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'സ്വർണ്ണോത്സവം' നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ ലക്ഷ്യമെന്തെന്നും, പ്രയോജനം എന്താണെന്നും വ്യക്തമാക്കുമോ;

(ബി) സർക്കാർ ഇതിനായി എത്ര രൂപ ചെലവഴിക്കുന്നുണ്ട്;

(സി) 'സ്വർണ്ണോത്സവം' കൊണ്ട് സർക്കാരിന് എന്തെങ്കിലും വരുമാനം പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ പ്രതീക്ഷിക്കുന്ന തുക എത്ര?

ഉത്തരം

(എ) ഉണ്ട്. കേരളത്തിന്റെ തനതും വൈവിധ്യമാർന്നതുമായ സ്വർണ്ണാഭരണങ്ങൾക്കും, അതിന്റെ പാരമ്പര്യമായ നിർമ്മാണ ചാതുര്യത്തിനും, ദേശീയ-അന്തർദേശീയ വിപണികൾ പരമാവധി ചൂഷണം ചെയ്യുന്നതിനുവേണ്ടിയാണ് ഈ മേള ലക്ഷ്യമിടുന്നത്. അന്താരാഷ്ട്ര പ്രശസ്തമായ ദുബായ് ഗോൾഡ് ഫെസ്റ്റിവലിന്റെ മാതൃകയിൽ ഒരു അന്താരാഷ്ട്ര മേള ആക്കാനാണ് ഉദ്ദേശ്യം. ഇതുവഴി കൂടുതൽ ദേശീയ-അന്തർദേശീയ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും കേരളത്തിലെ സ്വർണ്ണ ഉൽപ്പന്നങ്ങൾക്ക് അന്തർദേശീയ വിപണിയിൽ വൻസാധ്യതകൾ കണ്ടെത്തുന്നതിനും അതിലൂടെ സ്വർണ്ണത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ കണ്ടെത്തുന്നതിനും അതുവഴിവരുന്ന നികുതി സമാഹരണത്തിലൂടെ സർക്കാർ ഖജനാവിന് മുതൽ കൂട്ടുവാനും സാധിക്കും.

(ബി) 45 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly